(ഡി) ഈ കേന്ദ്രങ്ങൾവഴി കപ്പലിൽ വരുന്ന ഇറക്കുമതി, കയറ്റുമതി ചരക്ക് നീക്കങ്ങൾ വ്യാപാരികൾക്ക് സ്വയം പ്രഖ്യാപിക്കുവാനും മുൻകൂർ നികുതി ബാധ്യത വരുന്ന ചരക്കുകൾ ടാക്സ് അടച്ചതിന് അംഗീകാരം കിട്ടുവാനും ട്രാൻസിറ്റ് പാസ്സുകൾ നൽകുവാനും തിരികെ സമർപ്പിക്കുവാനും പ്രയോജനപ്പെടുന്നുണ്ട്.

വിശ്വസ്ത താരം (Star of Trust) സർട്ടിഫിക്കേഷൻ പദ്ധതി

106 (1932) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃതം പ്രവർത്തിക്കുന്ന വ്യാപാരികളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വിശ്വസ്തതാരം (Star of Trust) സർട്ടിഫിക്കേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ; വ്യക്തമാക്കുമോ ;

(ബി) നിലവിൽ വാറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത എത്ര വ്യാപാരികളുണ്ട് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതിന് ശേഷം ഇതുവരെയുള്ള ഓരോ വർഷവും എത്ര വീതം വ്യാപാരികൾക്ക് വിശ്വസ്തതാരം സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന വിശ്വസ്ത താരം (Star of Trust) സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലായിട്ടില്ല.

(ബി) 2015 ഡിസംബർ ഒന്നാം തീയതിയിലെ കണക്ക് പ്രകാരം 231999 വ്യാപാരികൾ കേരള മൂല്യവർദ്ധിത നികുതി നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്.

(സി) ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

നെറ്റ്വർക്കിംഗ്, കോർബാങ്കിംഗ് സംവിധാനങ്ങൾ

107 (1933) ഡോ. ടി. എം. തോമസ് ഐസക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബഡ്ജറ്റിൽ ട്രഷറി പ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിച്ച് കൊണ്ട് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന നെറ്റ് വർക്കിംഗ്, കോർ ബാങ്കിംഗ് സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly